**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 505** **28-06-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ യു.പി. സ്കൂൾ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പയ്യന്നൂർ മണ്ഡലത്തിലെ കവ്വായി തീരദേശ യു.പി. സ്കൂൾ പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിനായി തീരദേശ കോർപ്പറേഷൻ മുഖേന കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് ധനാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 29-06-2018-ലെ സ.ഉ (സാധാ) നം.535/2018/മ.ഉ.വ നമ്പർ ഉത്തരവു പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കവ്വായി തീരദേശ യു.പി.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച 67.79 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും 13-02-2020-ലെ ഉത്തരവു പ്രകാരം 67,68, 969/- രൂപയുടെ (10 ലക്ഷം രൂപ പരിപാലനതുക ഉൾപ്പെടെ) ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് ടി കെട്ടിടത്തിൽ അധിക ക്ലാസ് മുറികൾ പണിയുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച പദ്ധതി നിർവ്വഹണ ഏജൻസിയുടെ കത്ത് കിഫ്ബിയിൽ പരിശോധിക്കുകയും ടി സ്കൂളിന് അധിക ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ, പരിപാലന ഇനത്തിൽ അനുവദിച്ച 10 ലക്ഷം രൂപ സ്കൂൾ അധികൃതർ ആവശ്യപ്പെട്ട പ്രവൃത്തിക്കായി, ആവശ്യമുള്ള പക്ഷം വിനിയോഗിക്കുന്നതിനും പരിപാലനത്തിനാവശ്യമായ തുക മറ്റേതെങ്കിലും സ്രോതസ്സ് മുഖേന കണ്ടെത്തുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസിയെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടി സ്കൂളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുള്ളതായും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | ആയതിന് ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (ബി) | 29-06-2018-ലെ സ.ഉ (സാധാ) നം.535/2018/മ.ഉ.വ നമ്പർ ഉത്തരവു പ്രകാരം പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കവ്വായി തീരദേശ യു.പി.സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച 67.79 ലക്ഷം രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും 13-02- |

| | | | |
|---|---|---|---|
| | | | 2020-ലെ ഉത്തരവു പ്രകാരം 67,68, 969/- രൂപയുടെ (10 ലക്ഷം രൂപ പരിപാലനത്തുക ഉൾപ്പെടെ) ധനാനുമതി നൽകുകയും ചെയ്തു. തുടർന്ന് ടി കെട്ടിടത്തിൽ അധിക ക്ലാസ് മുറികൾ പണിയുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതു സംബന്ധിച്ച പദ്ധതി നിർവ്വഹണ ഏജൻസിയുടെ കത്ത് കിഫ്ബിയിൽ പരിശോധിക്കുകയും ടി സ്കൂളിന് അധിക ഫണ്ട് അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ, പരിപാലന ഇനത്തിൽ അനുവദിച്ച 10 ലക്ഷം രൂപ സ്കൂൾ അധികൃതർ ആവശ്യപ്പെട്ട പ്രവൃത്തിക്കായി, ആവശ്യമുള്ള പക്ഷം വിനിയോഗിക്കുന്നതിനും പരിപാലനത്തിനാവശ്യമായ തുക മറ്റേതെങ്കിലും സ്രോതസ്സ് മുഖേന കണ്ടെത്തുന്നതിനും പദ്ധതി നിർവ്വഹണ ഏജൻസിയെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടി സ്കൂളിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തി ഉൾപ്പെടെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുള്ളതായും പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ